# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **3066**. **19-06-2018 ൽ മറുപടിയ്ക്ക്**

## തരിശ്ശായി കിടന്ന പാടശേഖരങ്ങളിൽ നെൽകൃഷി

**ചോദ്യം**

ശ്രീ.വി.എസ്.ശിവകുമാർ

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശ്ശായി കിടന്ന എത്ര പാടശേഖരങ്ങളിലാണ് നെൽകൃഷി ആരംഭിച്ചത്; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാനത്താകെ 747 പാടശേഖരങ്ങളിലാണ് തരിശ്ശുകൃഷി നടപ്പിലാക്കിയത്. പാടശേഖരങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു. |

| ജില്ല | പാടശേഖരങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 5 |
| പത്തനംതിട്ട | 5 |
| ഇടുക്കി | 27 |
| കോട്ടയം | 32 |
| ആലപ്പുഴ | 88 |
| എറണാകുളം | 62 |
| തൃശ്ശൂർ | 170 |
| പാലക്കാട് | 10 |
| മലപ്പുറം | 95 |
| കോഴിക്കോട് | 11 |
| വയനാട് | 3 |
| കണ്ണൂർ | 219 |
| കാസർഗോഡ് | 15 |
| **ആകെ** | **747** |

| | | | |
|---|---|---|---|
| (ബി) | ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ തരിശ് പാടശേഖരങ്ങളിൽ കൃഷി നടപ്പാക്കുന്നതിനു വേണ്ടിവന്ന ആകെ ചെലവു സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടില്ല. എന്നാൽ, സബ്സിഡി ഇനത്തിൽ കൃഷി വകുപ്പ് 2480.421 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) | പുതുതായി കൃഷിയിറക്കിയ പാടശേഖരങ്ങളിൽ നിന്നും എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) | പുതുതായി കൃഷിയിറക്കിയ പാടശേഖരങ്ങളിൽ നിന്നും 24915.37 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്. |
| (ഡി) | 2015-16, 2016-17, 2017-18 എന്നീ കാലയളവുകളിൽ ഉൽപ്പാദിപ്പിച്ച നെല്ലിന്റെ അളവ് വ്യക്തമാക്കുമോ; | (ഡി) | 2015-16 സാമ്പത്തിക വർഷം 1292.01 ഹെക്ടർ സ്ഥലത്ത് ചെയ്ത തരിശുനില കൃഷിയിൽ നിന്നും 3604.68 ടൺ അരിയും, 2016-17 സാമ്പത്തിക വർഷത്തിൽ 2782.3857 ഹെക്ടർ സ്ഥലത്തെ തരിശു കൃഷിയിൽ നിന്നും 7086.736 ടൺ അരിയും, 2017-18 സാമ്പത്തിക വർഷം പുതുതായി കൃഷി ആരംഭിച്ച 5485.686 ഹെക്ടറിൽ നിന്നും 15359.92 ടൺ അരിയും ലഭിച്ചു. 2017-18 ൽ രണ്ടാം വർഷ തരിശു കൃഷി ചെയ്ത 1288.69 ഹെക്ടർ സ്ഥലത്ത് നിന്നും 3608.332 ടൺ അരിയും അധികമായി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2017-18 ൽ തരിശു നില കൃഷിയിൽ നിന്നും ആകെ 18968.252 ടൺ അരി ലഭിച്ചു. |

**സെക്ഷൻ ഓഫീസർ**